Mr. Speaker: There is and there can be no occasion for a member who has put a question to claim notice.

Sri. A. K. Patchu Pillai : In the case of supplementary questions, where no such additional expenditure is involved, cannot a Member ask for information ?

Mr. Speaker : Information can be asked for provided it is relevant to the matter in issue.

ടെയിഡ് യൂണിയൻ നിരോധനം

*ന്യൂ ഫ. (ഫ൨)† ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

ടെയിഡ് യൂണിയനുകളുടെ നിരോധനം നീക്കണമെന്ന കാണിച്ച് നിവേദനങ്ങളും നിശ്ചയങ്ങളും കിട്ടിയിട്ടുണ്ടോ; നിരോധനം ഏർപ്പെടുത്തിയത് എന്നാണ്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഉണ്ട്. നിരോധനം ഏർപ്പെടുത്തിയത് ഫൻ ൪൦ ജനുവരി ൨–ാംന- ആണ്.

നെല്ലുവിളവ്

*ന്യൂ൨ (ഫ൩) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) സംസ്ഥാനത്തെ വനഭോഗങ്ങളിലെ നെൽകൃഷിനടത്തിപ്പുകൊണ്ട് വിളഞ്ഞിട്ടുള്ള നെല്ലിന്റെ അളവ് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ ബഡ്ജറ്റവർഷത്തിൽ ആകെ എത്ര പറ നെല്ല് വിളവുണ്ടായി;

(സി) ഇതിൽ ഗവൺമെന്റിലേക്ക് എടുത്തിട്ടുള്ള നെല്ല് എത്ര പറയായിരുന്നു?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ട്.

(ബി) ഫ ഫ൨ ൭–ൽ ഏകദേശം ൭,൪൦,൦൦൦ പറ നെല്ല് വിളവുണ്ടായിട്ടുണ്ട്.

(സി) ഏകദേശം രണ്ടരലക്ഷം പറ നെല്ല് ഗവൺമെന്റിലേക്ക് കിട്ടിയിട്ടുണ്ട്.

ശ്രീ. ടി. ടി കേശവൻശാസ്ത്രി: വനംകൃഷി ചെയ്യുന്നതിൽ ശരാശരി എത്ര മേനിവിത്തം കിട്ടുമെന്ന് ഒരു കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: കണക്ക് ശരിയായി പറയാൻ നിവർത്തിയില്ല. എങ്കിലും ആദ്യകൊല്ലത്തെ കൃഷിയും രണ്ടാമത്തെ കൊല്ലത്തെ കൃഷിയും താരതമ്യപ്പെടുത്തി നോക്കുമ്പോൾ രണ്ടാമത്തെ കൃഷിയിലാണ് കൂടുതൽ വിളവു കാണുന്നത്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: നാഞ്ചിനാട്ടിലെ കൃഷിയിൽ ഒരു പൂവിന ശരാശരി എത്ര മേനി കിട്ടുമെന്നറിയാമോ?

---

† Answer to this question laid on the table, the questioner having exhausted his quota.

LIBRARY ARCHIVES Kerala Legislative Assembly